07-12-2024

## പത്രക്കുറിപ്പ്

## നിസ്വാർത്ഥ സേവനത്തിന് അംഗീകാരം

### കായൽ ശുചീകരണത്തിൽ ഒറ്റയാൾ പ്രവർത്തനം നടത്തുന്ന ബിനുവിന് ഫൈബർ ബോട്ട് നൽകുന്നു

വെള്ളായണി കായൽ തീരത്ത് വിനോദ സഞ്ചാരത്തിനെത്തുന്നവരുൾപ്പെടെയുള്ളവർ കായലിലേക്കും സമീപ ജലാശയങ്ങളിലേക്കും വലിച്ചെറിയുന്ന പ്ലാസ്റ്റിക് കുപ്പികളും മാലിന്യങ്ങളും പുലർച്ചെ മുതൽ വാരിയെടുത്ത് സംസ്കരണത്തിനായി കൈമാറുകയാണ് പ്രദേശവാസിയായ ബിനു പുഞ്ചക്കരി. ആരിൽ നിന്നും ഒരു പ്രതിഫലവും പറ്റാതെ കായൽ ശുചീകരിക്കാൻ നിസ്വാർത്ഥ സേവനം നടത്തുന്ന ബിനുവിന് അംഗീകാരവും ആദരവുമായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഫൈബർ ബോട്ട് ലഭ്യമാക്കുന്നു. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ യുവജന വിഭാഗമായ യംഗ് ഇന്ത്യൻസ് തിരുവനന്തപുരം ചാപ്റ്റർ നൽകുന്ന ഫൈബർ ബോട്ട് നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്ററും ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സണുമായ ഡോ. ടി.എൻ. സീമ, 2024 ഡിസംബർ 09 തിങ്കളാഴ്ച രാവിലെ 7 മണിക്ക് ബിനുവിന് കൈമാറും. വെള്ളായണിക്കായൽ തീരത്ത് പുഞ്ചക്കരിയിൽ നടക്കുന്ന ചടങ്ങിൽ കല്ലിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. സോമശേഖരൻ നായർ അധ്യക്ഷനാകും. പ്രദേശത്ത് പ്രഭാത സവാരിക്കെത്തുന്ന പുഞ്ചക്കരി വാക്കേഴ്സ്, സ്ഥലത്തെത്തുന്ന പക്ഷി നിരീക്ഷകർ, ജനപ്രതിനിധികൾ, പരിസ്ഥിതി പ്രവർത്തകർ, രാഷ്ട്രീയ സാമൂഹ്യ സംഘടനാ പ്രവർത്തകർ, പൊതുജനങ്ങൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും. വെൽഡിംഗ് വർക്ക്ഷോപ്പ് പണിയെടുക്കുന്ന ബിനു പാഴ്വസ്തുക്കൾ കൊണ്ട് സ്വന്തമായുണ്ടാക്കിയ താൽക്കാലിക വഞ്ചിയിലാണ് പുലർച്ചെ മുതൽ കായൽ ശുചീകരണത്തിനിറങ്ങുന്നത്. ഇതിനു പുറമെ ജോലി കഴിഞ്ഞുള്ള സമയവും ബിനു ഈ പ്രവൃത്തിയിലേർപ്പെടുക പതിവാണ്. ഇപ്പോൾ ലഭിക്കുന്ന ഫൈബർ നിർമ്മിത ബോട്ട് ബിനുവിന്റെ നിസ്വാർത്ഥ സേവനത്തിന് ഏറെ സഹായകരമാകുമെന്നും സ്വമേധയാ നടത്തുന്ന ഈ ശുചീകരണ പ്രവർത്തനം മാതൃകാപരമാണെന്നും ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ അഭിപ്രായപ്പെട്ടു.

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**9447587632**



R. 1287